Patron
Mar Sebastian Pozholiparamibil
Bishop of Hosur

Chief Editor
Fr. Arun Chakkalackal
Mob. 9840386758

Published By
Msgr. Varghese Pereppadan
Bishop's Office
St. Thomas Pastoral Center
#16, Ayanavaram Road,
Ayanavaram, Chennai-23

Printed at: Sunitha Printers

(Private Circulation Only)


# B U L L E T I N
# DIOCESE OF HOSUR


Bishop's Office
St. Thomas Pastoral Center
#16, Ayanavaram Road, Ayanavaram
Chennai-600023
E-mail: hosurdiocese@gmail.com


## ഉള്ളടക്കം


ഇടയശബ്ദം ........................................................ 2

സർക്കുലർ - മെയ്ദിന സന്ദേശം 2018 ................ 3

കച്ചേരികാര്യങ്ങൾ ............................................. 10

കുരിശിന്റെ വഴി ........................................................ 13

പിതൃവേദി ജനറൽ ബോഡി ................................ 14

ബൈബിൾ അപ്പസ്തോലറ്റ് ................................. 14

സെമിനാരി വാർത്തകൾ .................................... 15

ഇടയന്റെ ഇന്നലെകൾ ....................................... 16

ഇടയന്റെ നാളെകൾ .......................................... 16

# ഇടയശബ്ദം



പ്രിയ ഹൊസൂർ രൂപതാ കുടുംബാംഗങ്ങളേ,

ഉത്ഥാനതിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. ഹൊസൂർ രൂപതയുടെ പ്രഥമ ഈസ്റ്റർ ആഘോഷമാണിത്. മൂന്നാം നാൾ ഉത്ഥിതനായ ഈശോയോടുകൂടി പുതിയ ജീവിതത്തിലേക്ക് കടന്നുവരുന്ന നമുക്ക് മൂന്ന് കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കാം.

**1. കൂട്ടായ്മ വർദ്ധിപ്പിക്കാൻ നമ്മുടെ കുടുംബസമ്മേളനങ്ങൾ ശക്തമാക്കാം.**
2018 ൽ കുടുംബസമ്മേളനങ്ങൾതോറും നാം അർപ്പിക്കുന്ന ദിവ്യബലിയിൽ പങ്കുചേർന്ന് പുതിയ രൂപതയെ ശക്തിപ്പെടുത്താൻ ഉത്ഥിതനോട് പ്രത്യേകമായി നമുക്ക് അപേക്ഷിക്കാം.
**2. ഊർജ്ജം സംഭരിക്കാൻ കുടുംബപ്രാർത്ഥന ശക്തമാക്കാം.**
ധൂപം ദൈവസന്നിധിയിലേക്ക് ഉയരുന്നതുപോലെ നമ്മുടെ കുംടുംബങ്ങളിൽ നിന്നും പ്രാർത്ഥനകൾ ഉയരണം. എങ്കിലേ നമ്മുടെ കുടുംബങ്ങൾ രക്ഷപ്പെടുകയുള്ളൂ. ജപമാലചൊല്ലി രൂപംകൊണ്ട ഹൊസൂർ രൂപതയിലെ ഒരു കുടുംബവും അനുദിന ജപമാല ചൊല്ലാത്തതായിട്ടുണ്ടാവരുത്.
**3. അവശരിൽ യേശുവിനെ കണ്ടുകൊണ്ട് രോഗീശുശ്രൂഷയിൽ ശ്രദ്ധകേന്ദ്രീകരിക്കാം.**
അവശതയിലായിരിക്കുന്ന യഹൂദനെ ശുശ്രൂഷിക്കുന്ന നല്ല ശമറായനാണ് ഒരു ക്രൈസ്തവന്റെ മാതൃക. തമിഴ്നാട്ടിൽ ക്രിസ്തുവിന് സാക്ഷ്യം നൽകാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. ഈ തിരിച്ചറിവോടെ രോഗീശുശ്രൂഷയിലും പാലിയേറ്റീവ് കെയർ രംഗത്തും ശക്തമായ പ്രവർത്തനങ്ങൾ നമുക്ക് കാഴ്ചവെക്കാം.

ഏവർക്കും ഒരിക്കൽകൂടി ഈസ്റ്ററിന്റെ മംഗളങ്ങൾ നേരുന്നു.

യേശുവിൽ സസ്നേഹം
നിങ്ങളുടെ സ്വന്തം പിതാവ്
**മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ**

Ref: 3080/K-5/KCBC/OL/DS 26.3.2018

### കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2018

*തൊഴിലും തൊഴിലാളിയും തൊഴിലാളി സംഘടനകളും: സമഗ്രവും മാനുഷികവും സഹോദരപരവും എന്നേക്കും നിലനില്ക്കുന്നതുമായ വികസനത്തിന്*

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങളും അന്താരാഷ്ട്ര തൊഴിലാളി ദിനമായ മെയ്ദിനത്തിന്റെ ആശംസകളും ഹൃദയപൂർവം നേരുന്നു.

നെറ്റിയിലെ വിയർപ്പുകൊണ്ട് നിത്യവൃത്തിക്കുള്ള വക കണ്ടെത്തുകയും, കുടുംബത്തിനും സമൂഹത്തിനും വേണ്ടിയുള്ളതുകൂടി ആർജിക്കുന്നതിനായി ക്ലേശങ്ങൾ സഹിച്ചു പ്രകൃതിവിഭവങ്ങളെ അധ്വാനമാകുന്ന കർമശേഷിയാൽ വിശിഷ്ടമാക്കുകയും ചെയ്യുന്ന തൊഴിലാളി സമൂഹത്തെ വളരെ ആദരത്തോടെയും ബഹുമാനത്തോടെയുമാണു തിരുസ്സഭ നോക്കിക്കാണുന്നത്. മരപ്പണിക്കാരനെന്നും (മർക്കോ 6:3), മരപ്പണിക്കാരന്റെ മകനെന്നു (മത്താ 13:55) മായിരുന്നു നമ്മുടെ നാഥനും രക്ഷകനുമായ യേശു സ്വന്തം നാട്ടിൽ അറിയപ്പെട്ടിരുന്നത്. 'റേരും നൊവാരും' മുതലുള്ള തിരുസ്സഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചു വിശദമായി പഠിപ്പിച്ചു വരുന്നുണ്ട്. 'ക്രൈസ്തവ പാരമ്പര്യമനുസരിച്ചു തൊഴിൽ ഒരു കേവല പ്രവൃത്തി മാത്രമല്ല, തൊഴിൽ വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിൽ തൊഴിലാളികൾ പങ്കുചേരുന്നു. മാത്രമല്ല, കുടുംബത്തിന്റെയും അയല്ക്കാരുടെയും ആവശ്യങ്ങൾക്കനുസരിച്ചു തൊഴിലാളികൾ പ്രതികരിക്കുമ്പോൾ യേശുവിന്റെ രക്ഷാകര

കർമത്തിലും അവർ പങ്കുചേരുന്നു. ജീവിതത്തിന്റെ വലിയൊരു ഭാഗം മരപ്പണിക്കാരനായി നസ്രത്തിൽ ചെലവഴിച്ച യേശു തന്റെ കാല്പാടുകൾ തൊഴിലിലൂടെ പിന്തുടരാൻ എല്ലാവരെയും ക്ഷണിക്കുന്നു (ഫ്രാൻസിസ് പാപ്പാ, നവംബർ 23, 2017).

നമ്മുടെ രാജ്യത്തെ തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്താൻ ശ്രമിക്കുകയാണ്. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനംപേരും അസംഘടിത തൊഴിലാളികൾ ആണെന്നാണു സർക്കാരിന്റെ സ്ഥിതി വിവരക്കണക്കുകൾ പറയുന്നത്. സാമൂഹിക സുരക്ഷ, നിയമപരിരക്ഷ, തൊഴിലുറപ്പ് എന്നിവയുടെ സംരക്ഷണം ലഭിക്കാത്തവരാണ് അസംഘടിത തൊഴിലാളികൾ. രാജ്യത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.ഡി.പി) 60 ശതമാനത്തോളം അസംഘടിത മേഖലയുടെ സംഭാവനയാണ്. ഇന്ത്യയുടെ ജി.ഡി.പി. ഗണനീയമായ വളർച്ച കൈവരിക്കുന്നു എന്നു പറയുമ്പോഴും അസംഘടിത തൊഴിലാളികളുടെ ജീവിതാവസ്ഥ അനുദിനം മോശമായിക്കൊണ്ടിരിക്കുകയാണ്. നോട്ടുനിരോധനം, വേണ്ടത്ര മുൻ ഒരുക്കമില്ലാതെ ജി.എസ്.ടി നടപ്പാക്കൽ, കാർഷിക - മത്സ്യവ്യവസായരംഗത്തുള്ള തകർച്ച, ഇന്ധന വിലയിൽ സർക്കാർ സ്പോൺസർ ചെയ്യുന്ന വൻ വിലക്കയറ്റം തുടങ്ങിയ നിരവധി കാര്യങ്ങൾ സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതം ദുരിത പൂർണമാക്കിയിരിക്കുകയാണ്.

രാജ്യത്ത് സ്വത്തിന്റെ കേന്ദ്രീകരണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ അന്തർ ദേശീയവും ദേശീയവുമായ പല സംഘടനകളും നടത്തിയിട്ടുള്ള പഠനങ്ങൾ നടുക്കം ഉളവാക്കുന്ന സ്ഥിതിവിവരക്കണക്കുകളാണു പുറത്തു വിട്ടിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക (2016-2017) വർഷത്തിൽ ഇന്ത്യ കൈവരിച്ച വളർച്ചയുടെ 73 ശതമാനവും കേവലം ഒരു ശതമാനം വരുന്ന ഉന്നതസമ്പന്നരാണു കൈയടക്കിയിട്ടുള്ളതെന്നാണു ലോകസാമ്പത്തിക ഫോറത്തിന്റെ സമ്മേളനത്തിൽ 'ഓക്സ്ഫാം' പുറത്തിറക്കിയ 'തൊഴിലിനു പ്രതിഫലം നല്കുക, സ്വത്തിനല്ല' എന്ന പേരിലുള്ള റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നത്. എന്നാൽ, രാജ്യത്തെ പകുതിയിൽ അധികം വരുന്ന 65 കോടി ജനങ്ങൾക്ക് ലഭിച്ചത് കഴിഞ്ഞ വർഷത്തെ മൊത്തം വരുമാനത്തിന്റെ വെറും ഒരു ശതമാനം മാത്രമാണ്. ഇന്ത്യയിലെ സാമ്പ

ത്തിക പുരോഗതിയുടെ നേട്ടങ്ങൾ ചുരുക്കം ചിലരുടെ കൈയിൽ കേന്ദ്രീകരിക്കുക എന്നത് അപായ സൂചനയാണ് നല്കുന്നത്. ശത കോടീശ്വരന്മാരുടെ എണ്ണത്തിലുള്ള വളർച്ച സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയുടെ അടയാളമല്ല. കാർഷികവൃത്തിവഴി രാജ്യത്തെ തീറ്റിപ്പോറ്റാനായി കഠിനാധ്വാനം ചെയ്യുന്ന കർഷകരും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ കഷ്ടപ്പെടുന്ന വ്യവസായത്തൊഴിലാളികളും അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനും കുടുംബാംഗങ്ങൾക്ക് മരുന്നു വാങ്ങിക്കാനും രണ്ടു നേരത്തെയെങ്കിലും ഭക്ഷണം ഉറപ്പാക്കാനും വേണ്ടി നെട്ടോട്ടം ഓടുകയാണ്. വർധിച്ചുവരുന്ന വിടവ് ജനാധിപത്യത്തിന്റെ അടിത്തറ തോണ്ടുകയും അഴിമതിയെയും സ്വജനപക്ഷപാതത്തെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.” (ഓക്സ്ഫാം ഇന്ത്യ റിപ്പോർട്ട്)

2008-ൽ പാർലിമെന്റ് പാസ്സാക്കിയ അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാനിയമം ഇന്നും ഏട്ടിലെ പശുവാണ്. അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാരംഗത്തു ചെറിയ സമാശ്വാസമെങ്കിലും നല്കിയിരുന്ന ആം ആദ്മി ബീമാ യോജന, സ്വാലംബൻ, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പദ്ധതികൾ ഇല്ലാതാക്കപ്പെടുകയോ വെട്ടിക്കുറക്കപ്പെടുകയോ വിഹിതം വകമാറ്റി ചെലവഴിക്കപ്പെടുകയോ ആണ്. വേണ്ടത്ര വകയിരുത്തൽ ഇല്ലാത്തതു മൂലം അവ മിക്കവാറും പ്രഖ്യാപനങ്ങൾ മാത്രമാകുവാനാണ് സാധ്യത.

ദേശീയതലത്തിലും വിവിധ സംസ്ഥാന തലങ്ങളിലും നിലവിലുള്ള നൂറിൽപരം തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുകയും സംയോജിപ്പിക്കുകയും ചെയ്ത് നാലു നിയമങ്ങളായി ചുരുക്കാൻ കേന്ദ്രസർക്കാർ ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തൊഴിലാളികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പല അവകാശങ്ങളും സാമൂഹിക സുരക്ഷാസംവിധാനങ്ങളും ഇല്ലാതാക്കുകയോ ചുരുക്കുകയോ ചെയ്യുന്ന രീതിയിലാണു പുതിയ നിയമങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്ന പരാതി വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. മൂലധന ഉടമയ്ക്കു സഹായകരമാകുന്നതാണു പുതിയ നിയമങ്ങളുടെ മൗലിക സമീപനം എന്നതാണു ട്രേഡ് യൂണിയനുകളും തൊഴിൽ മേഖലയിലെ വിദഗ്ധരും ഉന്നയി

ക്കുന്ന ആക്ഷേപം. ഇന്ത്യൻ ലേബർ കോൺഗ്രസ്സ് പോലെയുള്ള ത്രികക്ഷി സംവിധാനങ്ങൾ വഴിയും ഉഭയകക്ഷി ചർച്ചകൾ വഴിയും തൊഴിലാളികളെ വിശ്വാസത്തിലെടുത്തതിനു ശേഷം മാത്രമേ നിയമങ്ങൾക്ക് അന്തിമ രൂപം നല്കാൻ പാടുള്ളൂ.

അസംഘടിത തൊഴിലാളികളോട് സംസ്ഥാന സർക്കാരും ചിറ്റമ്മ നയ മാണു തുടരുന്നതെന്ന ആക്ഷേപത്തിലും കഴമ്പുണ്ട്. വാർധക്യകാല പെൻഷന്റെ പ്രതിവർഷവർധനവിനുള്ള വാഗ്ദാനത്തിൽനിന്നും സാമ്പ ത്തിക പരാധീനതയുടെ പേരു പറഞ്ഞു സർക്കാർ പിന്നാക്കം പോയി രിക്കുന്നു. എന്നാൽ മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വലിയ തോതിൽ വർധിപ്പിക്കുന്ന കാര്യത്തിൽ ഒരു തടസ്സവും കാണാനില്ല. അസംഘടിത തൊഴിലാളി കൾക്കു വേണ്ടിയുള്ള ഇരുപത്തഞ്ചിൽപരം ക്ഷേമനിധികൾ കേരള ത്തിന്റെ സ്വകാര്യ അഭിമാനമായിരുന്നു. എന്നാൽ ഇന്നതെല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ക്ഷേമനിധികളുടെ അംശാദായം, ഇൻഷു റൻസ് പ്രീമിയം എന്നിവ യാതൊരു നീതീകരണവുമില്ലാതെ വർധി പ്പിച്ചും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചും ക്ഷേമനിധികൾ മരവിപ്പിച്ചും ക്ഷേമനിധി ഫണ്ടുകൾ മറ്റു പ്രവർത്തനങ്ങൾക്കായി വകമാറ്റിയും അസംഘടിത തൊഴിലാളികളെ കൂടുതൽ പ്രതിസന്ധിയിലേക്കു തള്ളി വിട്ടിരിക്കുകയാണ്. ആയതിനാൽ സർക്കാരുകൾ, അസംഘടിത മേഖ ലയിലെ തൊഴിലാളികളോടു കൂടുതൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ പാലിക്കാ നുള്ള കടമ സംസ്ഥാനസർക്കാരിനുണ്ട് എന്നു ഓർമിപ്പിക്കുന്നു.

സാധാരണയായി പ്രകൃതിദുരന്തങ്ങളുടെ ബലിയാടുകളായി തീരു ന്നത് അസംഘടിത തൊഴിലാളികളാണ്. കഴിഞ്ഞ നവംബർ മാസ ത്തിൽ ആഞ്ഞുവീശിയ ഓഖി ചുഴലിക്കാറ്റ് വലിയ നാശനഷ്ടങ്ങ ളാണ് തീരപ്രദേശത്ത് ഉണ്ടാക്കിയത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ആവശ്യമായ മുന്നറിയിപ്പ് നല്കാഞ്ഞതു മൂലമായിരുന്നു ആൾന ഷ്ടത്തിന്റെ എണ്ണം ഇത്രകണ്ടു വർധിച്ചത്. ഓഖിദുരന്തത്തിൽ, മര ണമടഞ്ഞവർക്കുള്ള നഷ്ടപരിഹാര വിതരണം, അപകടം സംഭവി ച്ചവർക്കുള്ള സഹായധനവിതരണം, നഷ്ടപ്പെട്ട തൊഴിലുപകരണ ങ്ങളുടെ വിതരണം, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ

ഫണ്ടനുവദിച്ച് സമയബന്ധിതമായി സർക്കാർ പൂർത്തിയാക്കേണ്ട താണ്.

ട്രേഡ് യൂണിയനുകൾക്കും തൊഴിലാളികളുടെ ഇടയിൽ പ്രവർത്തി ക്കുന്ന സന്നദ്ധസംഘടനകൾക്കും ഭാരിച്ച ഉത്തരവാദിത്വം അസം ഘടിത തൊഴിലാളി സംഘടനാരംഗത്തു നിർവഹിക്കാനുണ്ട്. എന്നാൽ അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണ ത്തിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ലാ യെന്ന പരാതി വസ്തുനിഷ്ഠമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ തൊഴിലാളികളിൽ പന്ത്രണ്ട് ശതമാനം മാത്രമേ സംഘ ടിപ്പിക്കപ്പെട്ടിട്ടുള്ളൂ. സംഘടിത മേഖലയിൽ പ്രവർത്തിക്കാൻ മാത്ര മാണ് ട്രേഡ് യൂണിയൻ നേതൃത്വത്തിനു പൊതുവേ താത്പര്യം. മാത്ര മല്ല, മിക്കവാറും എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളുടെ ഭാഗമായതുമൂലം പലപ്പോഴും തൊഴിലാളി താത്പര്യ ത്തെക്കാൾ കക്ഷിരാഷ്ട്രീയ താത്പര്യത്തിനു മുൻതൂക്കം ലഭിക്കു ന്നു. ഇതുമൂലം തൊഴിലാളികൾ ശിഥിലമാകുകയും അവഗണന ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. മഹാരാഷ്ട്രയിൽ നടന്ന കർഷക മുന്നേറ്റം കാർമേഘാവൃതമായ സമകാലീന സാഹചര്യത്തിലെ രജ തരേഖയാണ്. ഇത്തരം മുന്നേറ്റങ്ങൾ ഇന്ത്യയിൽ എല്ലായിടത്തും ഉണ്ടാകേണ്ടിയിരിക്കുന്നു. 2017 നവംബർ 23-നും 24-നുമായി റോമിൽ നടന്ന കോൺഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ സമ്മേള നത്തിലേക്കു ഫ്രാൻസിസ് പാപ്പാ സന്ദേശം നല്കുകയുണ്ടായി. പ്രവാ ചകശക്തിയെന്നാണ് യൂണിയനുകളെ പാപ്പാ വിശേഷിപ്പിച്ചത്. അതോ ടൊപ്പം, തൊഴിലാളി സംഘടനകൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെ സംബന്ധിച്ചും പാപ്പാ മുന്നറിയിപ്പു നല്കുകയുണ്ടാ യി (Letter of the Holy Father Francis to the participants in the International Conference....of New Synod Hall on 23-24 November, 2017).

തൊഴിലിടങ്ങളിൽ മൂലധനത്തെക്കാളും, പശ്ചാത്തല സൗകര്യങ്ങളെ ക്കാളും, അസംസ്കൃത പദാർഥങ്ങളേക്കാളും പ്രാധാന്യം തൊഴിലാ ളികൾക്കു വേണമെന്നു ലിയോ പതിമൂന്നാമൻ പാപ്പായുടെ കാല ഘട്ടം മുതൽ തിരുസ്സഭ നിർബന്ധിച്ചുവരുന്നുണ്ട്. കാരണം ഓരോ

മനുഷ്യനും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ മക്കളാണെന്നതാണ്. കോർപ്പറേറ്റു ക്രോണി ക്യാപ്പിറ്റലിസത്തിന്റെ ഇക്കാലഘട്ടത്തിൽ അനുദിനം ഇകഴ്ച സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മൂല്യത്തെ കാത്തുസൂക്ഷിക്കാൻ വേണ്ടിയുള്ള നേതൃത്വം നല്കാനുള്ള കടമ തിരുസ്സഭയ്ക്കുണ്ട്.

കേരളസഭയുടെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി പീപ്പിൾ മാനേജ്മെന്റ് പോളിസി കെസിബിസി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇതു നടപ്പിലാക്കാനായി വേണ്ട ഒത്താശകൾ നല്കാൻ കെഎൽഎം-നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. വേതന വർധനവിനു വേണ്ടിയുള്ള നേഴ്സുമാരുടെ ആവശ്യത്തിൽ അനുകൂലമായ നിലപാട് ആദ്യം തന്നെ കേരള മെത്രാൻ സമിതി സ്വീകരിക്കുകയുണ്ടായി. ഈ നിലപാട് വളരെയേറെ ശ്ലാഘിക്കപ്പെടുകയുണ്ടായി. എന്നിരുന്നാലും ഇനിയും മാതൃകാപരമായ പ്രവർത്തനങ്ങളും സംവിധാനങ്ങളും സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി രൂപപ്പെടുത്തേണ്ടതുണ്ട്.

കെസിബിസിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയാണു കേരള ലേബർ മൂവ്മെന്റ്. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ കെഎൽഎം-ന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾക്ക് കെഎൽഎം രൂപം നല്കിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളും കെ.എൽഎം-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നുണ്ട്.

കെ.എൽഎം. യൂണിറ്റുകളും തൊഴിലാളി ഫോറങ്ങളും എല്ലാ ഇടവകകളിലും ആരംഭിക്കാൻ എല്ലാ വൈദികരുടെയും സഹകരണം പ്രതീക്ഷിക്കുകയാണ്. സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന സന്ന്യാസിനികളും ഇക്കാര്യത്തിൽ ശ്രദ്ധ വയ്ക്കണമെന്നു താത്പര്യപ്പെടുന്നു. ഈ മുന്നേറ്റത്തിനു നേതൃത്വം വഹിക്കാൻ തൊഴിലാളികളെ ആഹ്വാനം ചെയ്യുന്നു.

ഒരിക്കൽക്കൂടി തൊഴിലാളി ദിനത്തിന്റെ ആശംസകൾ നേരുന്നു. നീതിമാനായ വിശുദ്ധ യൗസേപ്പിതാവ് തൊഴിലാളികളായ എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.

നസ്രത്തിലെ മരപ്പണിക്കാരനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും സമാധാനവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുകയും നവലോകസൃഷ്ടിക്കായുള്ള നിങ്ങളേവരുടെയും പ്രവർത്തനങ്ങൾ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

പി.ഒ.സി.
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 2018 ഏപ്രിൽ 22-ാം തീയതി ഈ സർക്കുലർ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# കച്ചേരികാര്യങ്ങൾ

**I. Appointment:** Msgr. Varghese Pereppadan, Acting Vicar St. Thomas Syro Malabar Catholic Forane Church, Ayanavaram and Acting Chaplain CMC Convent Ayanavaram of the Diocese of Hosur with effect from 28-03-2018

## II. Trimonthly Report

രൂപതയിലെ എല്ലാ സ്ഥാപനങ്ങളും മൂന്നുമാസത്തിലൊരിക്കൽ അക്കൗണ്ട് സ്റ്റേറ്റ്മെന്റും ബഡ്ജറ്റും റിപ്പോർട്ടും രൂപതയിൽ സമർപ്പിക്കേണ്ടതാണ്. ഒപ്പം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ട്രസ്റ്റ് മീറ്റിംങ് എല്ലാ മാസവും രണ്ടാം ബുധനാഴ്ച 5.30 ന് അയനാവരത്ത് വച്ച് കൂടേണ്ടതാണ്

## III. കുടുംബക്കൂട്ടായ്മകളിൽ വിശുദ്ധകുർബാന

ചെന്നൈ മിഷൻ ഹൊസൂർ രൂപതയായി ഉയർത്തിയതിന്റെ നന്ദി സൂചകമായി ഓരോ ഇടവകകളിലുമുള്ള കുടുംബക്കൂട്ടായ്മകളിൽ ഈ വർഷം നവംബർ 22 ന് മുൻപ് ഒരു കുർബാന അർപ്പിക്കാവുന്നതാണ്. ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. വി. ബലിയർപ്പണത്തിന് കുടുംബക്കൂട്ടായ്മയിലെ എല്ലാ കുടുംബങ്ങളും ഔദ്യോഗികമായി പേരുകൾ രജിസ്റ്റർ ചയ്തിട്ടില്ലെങ്കിലും യൂണിറ്റിന്റെ പരിധിയിൽ വരുന്ന മറ്റു സീറോ മലബാർ കുടുംബങ്ങളും ഉണ്ടാകണം. ഇനിയും കുടുംബക്കൂട്ടായ്മകളിലേക്കെത്തിയിട്ടില്ലാത്ത കുടുംബാംഗങ്ങളെ നേരിൽ പോയി സ്നേഹത്തോടെ ക്ഷണിക്കാൻ മറക്കരുത്.
2. കുടുംബാംഗങ്ങളെ എല്ലാവരെയും നന്നായി ഒരുക്കി കുമ്പസാരിപ്പിച്ചിട്ടുവേണം വി. ബലിയർപ്പണം നടത്തുവാൻ.
3. ആഘോഷങ്ങളേക്കാൾ പങ്കാളിത്തത്തിനും ആത്മീയതക്കും വേണം പ്രാധാന്യം കൊടുക്കുവാൻ.

## IV. വാർഷിക റിപ്പോർട്ട്

കഴിഞ്ഞ വർഷം 1-04-2017 മുതൽ 31-03-2017 വരെയുള്ള വാർഷിക റിപ്പോർട്ടിന്റെ ഒരു കോപ്പി രൂപതാ കൂരിയയിൽ സമർപ്പിക്കേണ്ടതാണ്.

## V. വാർഷിക തെരട്ട് (Annual Auditing)

***ശ്രദ്ധിക്കേണ്ട കാര്യങ്ങൾ***

1. നിശ്ചിതസമയത്ത് തന്നെ രൂപതാകാര്യാലയത്തിൽ തെരട്ട് കൊണ്ടുവരേണ്ടതാണ്. 2016-17 സാമ്പത്തിക വർഷത്തിലെ Audited balance sheet തെരട്ടിനൊപ്പം കൊണ്ടുവരണം. തെരട്ടു ഫീസടക്കാൻ കാലാവധി വേണമെങ്കിൽ ആ വിവരം യോഗം പാസ്സാക്കിയതിന്റെ പകർപ്പ് സഹിതം കച്ചേരിയിൽ പ്രത്യേക അപേക്ഷ സമർപ്പിക്കണം.

2. രൂപതാഭവനത്തിൽ നിന്നും ലഭിക്കുന്ന തെരെട്ട് ഫോറം പാസാക്കി രണ്ടു കോപ്പി പൂരിപ്പിച്ച് കച്ചേരിയിൽ സമർപ്പിക്കുകയും തെരട്ട് പാസാക്കിയതിനു ശേഷം ഒരു കോപ്പി പള്ളിയുടെ ഫയലിൽ സൂക്ഷിക്കുകയും വേണം.

3. വേണ്ട തരത്തിൽ പൂരിപ്പിക്കാതെയോ ബന്ധപ്പെട്ടവർ സീൽ വയ്ക്കാതെയോ ഒപ്പിടാതെയോ ഉള്ള തെരട്ട് ഫോറം അംഗീകരിക്കുന്നതല്ല.

4. പുതിയ കൈക്കാരന്മാരുടെ പേരുകൾ തെരട്ട് ഫോറത്തിൽ ചേർത്തിരിക്കണം. വാർഷികതെരട്ട് പാസ്സാക്കിയതിന് ശേഷമായിരിക്കും കൈക്കാരന്മാരുടെ മാറ്റം നടത്തുക.

5. രൂപത ഏല്പിച്ചിരിക്കുന്ന ഓഡിറ്റേഴ്സിന്റെ അടുത്ത് തന്നെ ഓഡിറ്റ് ചെയ്യുന്നതാണ് അഭിലഷിണീയം. പുറത്ത് ഓഡിറ്റ് ചെയ്യിക്കുന്നവർ ഏപ്രിൽ 30 നു മുൻപ് രൂപതാ ഫൈനാൻസ് ഓഫീസിൽ അറിയിക്കണം. അപ്രകാരം ചെയ്യുന്നവർ ഓഡിറ്റ് സ്റ്റേറ്റ്മെന്റിന്റെ രണ്ടു കോപ്പികൾ രൂപതാകച്ചേരിയിൽ കൊണ്ട് വന്ന്, ഒരു കോപ്പി രൂപതാകച്ചേരി സീൽ വച്ച് തിരികെ കൊണ്ടുപോകേണ്ടതാണ്.

## VI. ഓഡിറ്റിങ്ങിന് കൊണ്ടുവരേണ്ട രേഖകൾ

1. Account Books of Daily Account and Construction/Development Account if any (Cash Book, Bank Book, Ledger Book, Etc.).
2. Receipt Books and Bills and Vouchers of All Accounts
3. Bank Pass Book/Statements

4. CA Audited Statement of 2016-2017
5. Internal audit Statements of 2017-2018
6. Trust Deed, Pan Card, 12A Registration originals after taking a xerox copy for the church use. (originals are to be kept in the bishop's office)
7. Two Cheque leaves
8. Therattu form filled in duplicate
9. Accounts of the Associations and organizations
10. Fixed Deposit Receipts
11. Asset Register and Inventory Register of Parish church and Presbytery
12. Trust Minutes Book
13. Prathinithi Yogam Report Book
14. All the land original Documents together with its parent documents after taking a Xerox copy for the church use. (originals are to be kept in the bishop's office)

**VII.** രൂപതയിലെ സ്ഥാപനങ്ങൾ ഓഡിറ്റ് നടത്തി കണക്കിന്റെ ബാലൻസ് ഷീറ്റും വാർഷികറിപ്പോർട്ടും കൂരിയയിൽ സമർപ്പിക്കേണ്ടതാണ്.

## കുരിശിന്റെ വഴി

നോമ്പുകാലത്ത് നമ്മൾ നടത്താറുള്ള സെന്റ് തോമസ് മൗണ്ടിലേക്കുള്ള കുരിശിന്റെ വഴി ഈ വർഷം 2018 മാർച്ച് 24 ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.30 ന് സെന്റ് തോമസ് സീറോ മലബാർ കാത്തലിക് ചർച്ച്, സെന്റ് തോമസ് മൗണ്ടിൽ നിന്നും പദയാത്രയായി മലയുടെ അടിവാരത്തെത്തുകയും തുടർന്ന് 3 മണിക്ക് കുരിശിന്റെ വഴി ആരംഭിച്ച് 4 മണിക്ക് മലമുകളിലെത്തി. തുടർന്ന് അഭിവന്ദ്യപിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഹൊസൂർ രൂപതയിലെ എല്ലാ വൈദികരും ചേർന്ന് സമൂഹബലി അർപ്പിക്കുകയും കുരിശിന്റെ ആശീർവ്വാദം നല്കുകയും ചെയ്തു. ആയിരത്തോളം വിശ്വാസികൾ പദയാത്രയിലും സമൂഹബലിയിലും പങ്കെടുത്തു.

**VIII.** ഓഡിറ്റിങ്ങിന്റെ സമയക്രമം ചുവടെചേർക്കുന്നു എല്ലാവരും കൃത്യമായി സമയം പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## AUDIT TIMING - 2018

| Date | Day | 9.30AM | 11.30AM | 1.30PM | 3.00PM |
|---|---|---|---|---|---|
| 21-5-18 | Monday | Valsaravakkam | Ottery | IAF Avadi | Ayanavaram |
| 22-5-18 | Tuesday | Thiruvottiyur | Ambattur | Noothenchery | Mugappair |
| 23-5-18 | Wednesday | Athipet | Keelkattalai | Kodambakkam | St.Thomas Mount |
| 24-5-18 | Thursday | Avadi | Pattabiram | Pozhichallur | Neelankarai Eranavoor |
| 25-5-18 | Friday | Kovilpathagai | Santhome | STPC | Perambur |
| 26-5-18 | Saturday | Poonamalee | Velachery | STPC | STPC |

**IX.** രൂപതയിൽ അടക്കേണ്ട വിവിധ വിഹിതങ്ങൾ ഇനിയും അടക്കാത്തർ തെരട്ടിനൊപ്പം കൊണ്ടുവരേണ്ടതാണ്.

**മോൺ. ജോസ് ഇരിമ്പൻ**
പ്രോട്ടോസിഞ്ചെല്ലൂസ്



## ക്രിസ്സം (Chrism) മാസ്സ്

ഹൊസൂർ രൂപതയിലെ പ്രഥമ ക്രിസ്സം (Chrism) മാസ്സ് മാർച്ച് 26 ന് വൈകീട്ട് 6 മണിക്ക് സെന്റ് തോമസ് സീറോ മലബാർ കാത്തലിക്ക് ഫൊറോന ചർച്ച് അയനാവരത്തു വച്ച് നടത്തപ്പെട്ടു. രൂപതയിലെ എല്ലാ വൈദികരും സമർപ്പിതരും കൈക്കാരന്മാരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും വിശ്വാസികളും പങ്കെടുത്തു.

## പിതൃവേദി ജനറൽബോഡി

പിതൃവേദിയുടെ ജനറൽബോഡി മീറ്റിംങ്ങ് 2018 ഏപ്രിൽ 15 ാം തിയ്യതി രാവിലെ 10.30 ന് അയനാവരം പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വെച്ചു സംഘടിപ്പിച്ചിരിക്കുന്നു. ഹൊസൂർ രൂപതാദ്ധ്യക്ഷൻ അദ്ധ്യക്ഷത വഹിക്കുന്ന മീറ്റീങ്ങിൽ എല്ലാ യൂണിറ്റ് ഭാരവാഹികളും കമ്മിറ്റി അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി ഭാരവാഹികളുടെയും അംഗങ്ങളുടെയും പേരും ഫോൺ നമ്പറും അഡ്രസ്സും കൊണ്ടുവരേണ്ടതാണ്. വാർഷികവരിസംഖ്യ ഇനിയും നല്കാത്തവർ 1000/ രൂപ കൊണ്ടുവരേണ്ടതാണ്.

**റവ. ഡോ. ആന്റോ കരിപ്പായി**
പിതൃവേദി ഡയറക്ടർ

## ബൈബിൾ അപ്പസ്തോലറ്റ്

### 2018 ലോഗോസ് ക്വിസ്സ് രജിസ്ട്രേഷൻ

കെ.സി.ബി.സി യുടെ കീഴിൽ ഹൊസൂർ ബൈബിൾ അപ്പസ്തോലറ്റ് ലോഗോസ് ക്വിസ്സ് രജിസ്ട്രേഷൻ നടത്തുന്നു. രജിസ്ട്രേഷൻ സുഗമമായി നടത്താൻ ഓരോ ഇടവകയിൽ നിന്നും ഓരോ വ്യക്തികളെ വികാരിയച്ചന്റെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത് മെയ് 30 ന് മുമ്പ് പേരുകൾ രൂപതാകാര്യാലയത്തിൽ നൽകുക.

### ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലേക്ക് സ്വാഗതം. ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനും ബൈബിൾ കേന്ദ്രീകൃത ജീവിതം നയിക്കുന്നതിനും സഹായകമായ ഈ പഠനപദ്ധതി മലയാളം ഭാഷയിലാണ് തയ്യാറാക്കിയിരിക്കുന്നത്. വീട്ടിലിരുന്ന് ബൈബിൾ പഠിക്കുന്നതിന് ലഭിക്കുന്ന ഈ

സുവർണ്ണാവസരം ഉപയോഗപ്പെടുത്തി കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇടവകവികാരിമാരുടെ പക്കൽ പേരുകൾ നൽകുക.

**ഫാ. നിജോ ജോൺ പള്ളായി**
ബൈബിൾ അപ്പസ്തോലറ്റ് ഡയറക്ടർ

# സെമിനാരി വാർത്തകൾ

## 1. കാറോയപട്ടം സ്വീകരിച്ചു

പെരമ്പൂർ ഇടവകാംഗമായ ബ്രദർ ഡൊമനിക് (ഷെബിൻ) ചാഴൂർ 2018 മാർച്ച് 28 ാം തിയ്യതി പെരമ്പൂർ പള്ളിയിൽവെച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവിന്റെ കൈവെയ്പുവഴി കാറോയപട്ടം സ്വീകരിച്ചു. ഹൊസൂർ രുപതയിൽ നടത്തപ്പെട്ട ആദ്യത്തെ കാറോയ പട്ടമാണിത്. ബഹു. മോൺ. ഡോ. വർഗീസ് പെരേപ്പാടൻ ആർച്ച് ഡീക്കനായിരുന്നു. ഹൊസൂർ മൈനർ സെമിനാരി റെക്ടർ വെരി. റവ. ഡോ. ആന്റോ കരിപ്പായി, പെരമ്പൂർ ഫൊറോന വികാരി വെരി. റവ. ഫാ. സിബിൻ കോട്ടക്കൽ, വൈസ് ചാൻസലർ ഫാ. അരുൺ ചക്കാലക്കൽ എന്നിവർ തിരുക്കർമ്മങ്ങളിൽ പങ്കുകൊണ്ടു.

## 2. വൈദികവിദ്യാർത്ഥികളുടെ സമ്മേളനം

ഹൊസൂർ രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തികൊണ്ടിരിക്കുന്ന സെമിനാരിക്കാരുടെ സമ്മേളനം ഏപ്രിൽ 20 മുതൽ 30 വരെ സാന്തോം സ്നേഹതീരത്തിൽ വെച്ച് നടത്തപ്പെടുന്നു.

## 3. ജീവിതമാർഗ്ഗ ദർശനക്യാമ്പ്

ഹൊസൂർ രൂപതയിലെ 9, 10, +1, +2 പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ജീവിതമാർഗദർശന ക്യാമ്പ് 2018 ഏപ്രിൽ 21 ാം തിയ്യതി വൈകീട്ട് 5 മണി മുതൽ 23 ാം തിയ്യതി ഉച്ചതിരിഞ്ഞ് 3 മണി വരെ സാന്തോം സ്നേഹതീരത്തിൽ വച്ച് സംഘടിപ്പിക്കുന്നു. അഭിവന്ദ്യ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും; പ്രഗത്ഭരായ വ്യക്തികൾ ക്ലാസെടുക്കുന്നതായിരിക്കും. രജിസ്ട്രേഷൻ ഫീസ് 500/- രൂപ. സാധിക്കുന്ന എല്ലാ വിദ്യാർത്ഥികളും ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

**4. ദൈവവിളി ക്യാമ്പ്**

ഹൊസൂർ രൂപതയിൽ ചേർന്ന് വൈദികരാകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി മെയ് 27 ാം തിയ്യതി രാവിലെ 10 മണി മുതൽ 29 ാം തിയ്യതി ഉച്ചകഴിഞ്ഞ് 3 മണി വരെ സാന്തോം സ്നേഹതീരത്തിൽ വച്ച് ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നു.

**റവ. ഡോ. ആന്റോ കരിപ്പായി**
സെമിനാരി റെക്ടർ

## ഇടയന്റെ ഇന്നലെകൾ

| | | |
|---|---|---|
| മാർച്ച് 04 | : | കീഴ്ക്കട്ടലൈ സേക്രഡ് ഹാർട്ട് പള്ളിയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി |
| മാർച്ച് 09 | : | പാസ്റ്ററൽ സെന്റർ, അയനാവരത്ത് പ്രീ കാന കോഴ്സ് ഉദ്ഘാടനം ചെയ്തു |
| മാർച്ച് 11 | : | ക്രൈസ്റ്റ് ദി കിംങ് ചർച്ച്, പൂനമല്ലിയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി |
| മാർച്ച് 18 | : | പോണ്ടിച്ചേരി പാസ്റ്ററൽ വിസിറ്റ് നടത്തി |
| മാർച്ച് 24 | : | സെന്റ് തോമസ് മൗണ്ട് പദയാത്രക്ക് നേതൃത്വം നൽകി |
| മാർച്ച് 25 | : | സെന്റ് തോമസ് ചർച്ച്, ഹൊസൂർ ഓശാന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു |
| മാർച്ച് 26 | : | അയനാവരം ക്രിസ്സം മാസ്സിന് കാർമികത്വം വഹിച്ചു |
| മാർച്ച് 29-31 | : | കത്തീഡ്രൽ, നൂത്തഞ്ചേരി-വിശുദ്ധവാരകർമങ്ങൾക്ക് കാർമികത്വം വഹിച്ചു. |

## ഇടയന്റെ നാളെകൾ

| | | |
|---|---|---|
| ഏപ്രിൽ 15 | : | സെന്റ് തോമസ് പാസ്റ്ററൽ സെന്റർ, അയനാവരം പിതൃവേദി ജനറൽ ബോഡി |
| | : | ദേവാലയ കൂദാശകർമ്മം സെന്റ് മദർ തെരേസ ചർച്ച്, വേളാച്ചേരി |
| ഏപ്രിൽ 21 | : | സാന്തോം സ്നേഹതീരം, ജീവിതമാർഗദർശന ക്യാമ്പ് |

❄ ✞ ❄